# 13 -ാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4262 16/12/2014 - ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതി

**ചോദ്യം**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. പി. എ. മാധവൻ

ശ്രീ. റ്റി. എൻ. പ്രതാപൻ

**ഉത്തരം**

കുമാരി. പി. കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

(എ) തൊഴിൽ രഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശി ക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടെ ശാക്തീകരണത്തിന് പദ്ധതി എത്ര മാത്രം ഗുണകരമാക്കാനാണ് ലക്ഷ്യ മിട്ടിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

(എ) ഉണ്ട്.

(ബി) (സി) & (ഡി) പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ നേടിക്കൊടുക്കുന്നതോടൊപ്പം ഒരു സ്ഥിര വരുമാനം ഉറപ്പാക്കി അവരെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം നൽകി 500 വനിതകൾക്ക് സൗജന്യ മായി ഓട്ടോറിക്ഷകൾ വാങ്ങി നൽകുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് പട്ടികവർഗ്ഗ വനിതകൾക്ക് പ്രചോദനവും മാതൃക യുമാകുന്ന ഒരു പദ്ധതിയാണിത്. വിതരണം ചെയ്ത ഓട്ടോറിക്ഷകൾ ഗുണഭോക്താക്കളായ വനിതകൾ തന്നെ കൈകാര്യം ചെയ്യുന്നതിനും, കൈമാറ്റം ചെയ്യാതിരിക്കുന്നതിനും ആവശ്യമായ നടപടി കൈക്കൊണ്ടിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം വി.ജെ.റ്റി. ഹാളിൽ വെച്ച് 28.5.14 ന് സംഘടിപ്പിച്ചിരുന്നു.

**സെക്ഷൻ ഓഫീസർ**